ദേശാഭിമാനി

Fri, 20 June 2025

# മീനു വിജയന് അമേരിക്കൻ ക്ലിനിക്കൽ ഓങ്കോളജി സൊസൈറ്റി പുരസ്കാരം

**കൊച്ചി**

അമേരിക്കൻ സൊസൈറ്റി ഓഫ് ക്ലിനിക്കൽ ഓങ്കോളജിയുടെ മെറിറ്റ് അവാർഡും പെയിൻ ആൻഡ് സിമ്പ്ടം മാനേജ്മെന്റ് സ്പെഷ്യൽ മെറിറ്റ് അവാർഡും അമൃത സ്കൂൾ ഓഫ് ഫാർമസിയിലെ അസിസ്റ്റന്റ് പ്രൊഫസർ മീനു വിജയന് ലഭിച്ചു. ചിക്കാഗോയിൽ നടന്ന എഎസ്സിഒ വാർഷിക സമ്മേളനത്തിൽ മീനു വിജയൻ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.



അർബുദ ചികിത്സാരംഗത്തെ മികവിനും ആധുനികവൽക്കരണത്തിനും കരുത്താകുന്ന മീനു വിജയന്റെ ഗവേഷണങ്ങളാണ് പുരസ്കാരത്തിന് അർഹമായത്.